## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5216 06/02/2014 ൽ മറുപടിയ്ക്ക്**

### പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ;<br>ശ്രീ.പാലോട് രവി ;<br>ശ്രീ.പി.സി.വിഷ്ണുനാഥ് ;<br>ശ്രീ.ഷാഫി പറമ്പിൽ. | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ; | എ) & ബി) ഉണ്ട്. 28/01/2014 ലെ സ.ഉ(എം.എസ്)5/14/വനം നമ്പർ ഉത്തരവ് പ്രകാരം മുത്തങ്ങ, തോട്ടാമൂല, കുപ്പാടി, തോൽപ്പെട്ടി, ഇരുളം എന്നീ 5 സ്ഥലങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| സി) വനസംരക്ഷണ പ്രവൃത്തികൾക്ക് ഇവ എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | സി) വന സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, സമഗ്രമായ വന്യജീവി സംരക്ഷണം, വനസംരക്ഷണവും പരിപാലനവും ശാക്തീകരിക്കൽ, പങ്കാളിത്ത വനപരിപാലനം നടപ്പാക്കൽ, ഇക്കോടൂറിസം പദ്ധതികളുടെ നിർവ്വഹണം, കാട്ടുതീ പ്രതിരോധം, ഇക്കോ ഡവലപ്മെന്റ് പദ്ധതികൾ നടപ്പാക്കൽ, മനുഷ്യൻ-വന്യജീവി സംഘർഷം നിയന്ത്രിക്കൽ എന്നീ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയും. വനം സംബന്ധമായ കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിന് ഫോറസ്റ്റ് സ്റ്റേഷൻ ചാർജ്ജ് വഹിക്കുന്ന ഡെപ്യൂട്ടി റെയിഞ്ച് ഓഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇതുകാരണം കേസുകളുടെ അന്വേഷണവും കേസുകൾ കോടതികളിൽ ചാർജ്ജ് ചെയ്യുന്നതും കൂടുതൽ ത്വരിതപ്പെടുത്തുവാൻ സഹായിക്കുന്നു. ഇപ്രകാരം കൂടുതൽ വന സംരക്ഷണ പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമമാക്കുന്നതിനും സ്റ്റേഷനുകൾ സഹായകരമാണ്. |

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പെരിയാർ കടുവാ സങ്കേതത്തിൻ കീഴിലുള്ള രണ്ടു റേഞ്ചുകളിലായി നാലു ഫോറസ്റ്റ് സ്റ്റേഷനുകളും വയനാട് ജില്ലയിൽ അഞ്ചു ഫോറസ്റ്റ് സ്റ്റേഷനുകളും ഒരു എലിഫന്റ് സ്ക്വാഡും എന്നിവയ്ക്കുള്ള തസ്തികകളും അനുവദിച്ചതുൾപ്പെടെ 114 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ